# മനുഷ്യാവകാശം:
# ഖുർആന്റെ വീക്ഷണത്തിൽ

jthrees@hotmail.com

## അടിസ്ഥാനം

വിശുദ്ധ ഖുർആനാണ് മനുഷ്യാവകാശത്തിന്റെ അടിസ്ഥാനം ഘടകം. അത് പ്രഖ്യാപിച്ചു:
*"തീർച്ചയായും നാം ആദംസന്തതികളെ ആദരിക്കുകയും കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാമവർക്ക് ഉപജീവനം നല്കുകയും നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നല്കുകയും ചെയ്തിരിക്കുന്നു."* (ഖുർആൻ: 17: 70)

പരസ്പര ബന്ധങ്ങളിൽ നീതിയും വിശ്വാസ്തതയും പുലർത്താൻ കല്പിക്കുന്നതോടൊപ്പം പരസ്പരം ആക്രമിക്കുന്നതും രക്തം ചിന്തുന്നതും ധനം അപഹരിക്കുന്നതും വലിയ പാപമായി പ്രഖ്യാപിക്കാനും വരെ ഈ ആദരവ് ഖുർആൻ നിയമവിധേമാക്കുകയുണ്ടായി. അതോടൊപ്പം അവന്റെ അവകാശങ്ങൾ മാനിക്കാനും അത് വകവെച്ചു കൊടുക്കാനും ഖുർആൻ ശക്തമായി ശാസിച്ചു.

മനുഷ്യാവകാശത്തെ സംബന്ധിച്ച സംസാരം മനുഷ്യനെന്തെന്ന് നാം കാണേണ്ടതുണ്ട്. വിഷയത്തിന്റെ കാതൽ മനുഷ്യനായതിനാൽ അവനിലൂടെ വേണം മുന്നോട്ട് പോകാൻ.

പറഞ്ഞല്ലോ, ഏകദൈവം മനുഷ്യനെ ആദരിച്ചെന്ന്. അതിനു മാത്രം മനുഷ്യൻ ആരണ്? ഈ അവകാശനിർണയത്തിന് അടിസ്ഥാനമെന്താകുന്നു?

ഈ പ്രശ്നത്തിന് ഉത്തരം കാണണമെങ്കിൽ മനുഷ്യൻ ആരാണെന്ന് നിർവചിക്കേണ്ടതുണ്ട്. പ്രസ്തുത നിർവചനം ചില ചോദ്യങ്ങൾ മുമ്പിൽ വെച്ചുകൊണ്ടായിരിക്കണം. എങ്കിലേ അത് പൂർണമാവുകയുള്ളു.

## മനുഷ്യൻ

ആരാണ് മനുഷ്യർ? അവൻ എവിടന്ന് വന്നു? എന്തിനു ജീവിക്കുന്നു?

ഭൂമിയിൽ ഏകദൈവത്തിന്റെ പ്രതിനിധിയാണ് മനുഷ്യൻ. ഇതത്രെ അവനെ സംബന്ധിച്ച ഏകദൈവത്തിന്റെ അരുളപ്പാട്. ഈ വസ്തുതക്കപ്പുറം അവനെ സംബ ന്ധിച്ച ഏത് കാഴ്ചപ്പാടുകളും വിലയിരുത്തലുകളും അപ്രസക്തമാണ്. കാരണം, എഞ്ചിനീയർക്കാണല്ലോ അയാൾ കണ്ടുപിടിച്ച ഉപകരണത്തെ സംബന്ധിച്ച് കൂടുതൽ അറിയുക. അതിനാൽ മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ വിലയിരുത്തലിനപ്പുറം അവൻ ആരുമല്ല.

മനുഷ്യൻ ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയാണ്. ദൈവത്തിന്റെ ഹിതമനുസരിച്ച് ഭൂമിയിൽ ജീവിക്കുകയും അവിടെ അവന്റെ കല്പനകൾക്കൊത്ത് പ്രവർത്തിക്കുകയും അവിടെ മരിക്കുകയും ചെയ്യേണ്ടവൻ. ഭൂമിയല്ലാതെ അവന് മറ്റൊരു കർമമേഖലയില്ല. അതാണ് സ്രഷ്ടാവ് മനുഷ്യനെ ഏല്പിച്ച ജീവിതകൃത്യം. അതിനാൽ തന്നെ ഭൂമിയിലുള്ളത് മുഴുവൻ ഏകദൈവം അവന് കീഴ്പ്പെടുത്തിക്കൊടുത്തു. അത് മനുഷ്യന് അവകാശപ്പെട്ടതാണ്. ഈ പ്രാതിനിധ്യവിഭാവനയുടെ പൂർത്തീകരണമാണ് മനുഷ്യാവകാശത്തിന്റെ അടിസ്ഥാനം.

കാരണം, പ്രതിനിധിയെന്ന നിലക്ക് മനുഷ്യൻ തന്നിൽ അർപ്പിതമായ ഉത്തരവാദിത്തം യഥാവിധം നിർവഹിക്കേണ്ടവനാണ്. അക്കാര്യത്തിൽ അവന് സ്വാധികാരവും ആസൂത്രണവും മറ്റു തരത്തിലുള്ള വിഭവങ്ങളും ലഭിക്കേണ്ടതുണ്ട്. അതിനാൽ തന്നെ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായി ജീവിക്കുന്ന കാലത്തോളം അവന് എന്തെല്ലാം ലഭിക്കേണ്ടതുണ്ടോ അതെല്ലാം അവന്റെ മൗലികാവകാശമായി ഖുർആൻ പ്രഖ്യാപിക്കു

കയുണ്ടായി.

## ദർശനം

മനുഷ്യൻെറ ഭൂമിയിലേക്കുള്ള നിയോഗം പ്രത്യേക ദർശനത്തിൻെറ അകമ്പടിയോടു കൂടിയുള്ളതാണ്. ദർശനം എന്നതുകൊണ്ട് അർഥമാക്കുന്നത് ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഉപാധി എന്ന അർഥത്തിൽ മാത്രമല്ല, ഉത്തമ സമൂഹത്തെയും അവരുടെ നാഗരികതയും കെട്ടിപ്പടുക്കാനുപയുക്തമായ പോർമുലയും എന്ന അർഥത്തിലാണ്.

പ്രസ്തുത ദർശനത്തിൻെറ വലിയ സവിശേഷത, അത് മനുഷ്യരെ ഒന്നായി കാണുന്നു എന്നതാണ്. ഒരു മാതാവിൻെറയും പിതാവിൻെറയും മക്കൾ. അതിൻെറ ചുവടുപിടിച്ചാണ് ദൈവികദർശനം മനുഷ്യാവകാശത്തെ ലോകത്തിൻെറ മുൻപിലേക്കിടുന്നത്.

മനുഷ്യാവകാശത്തിനു വേണ്ടി ആധുനിക പ്രത്യയശാസ്ത്രങ്ങൾ രംഗത്തിറങ്ങുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ വിശുദ്ധ ഖുർആൻ മനുഷ്യാവകാശത്തെപ്പറ്റി ലോകത്തെ പഠിപ്പിക്കുകയുണ്ടായി. മനുഷ്യാവകാശലംഘനത്തിന് സാധ്യതയുള്ള പഴുതുകളെയെല്ലാം അത് അടച്ചു. അതിനാവശ്യമായ എല്ലാ ഫോർമുലകളും അത് അവതരിപ്പിച്ചു. അതിൽ പ്രധാനമത്രെ മനുഷ്യസാഹോദര്യവും മാനവികൈക്യവും. എന്നാൽ ഭൗതിക വ്യവസ്ഥിതിയിൽ മനുഷ്യാവകാശങ്ങളെ സംബന്ധിച്ച പ്രഖ്യാപനവും നയനിലപാടുകളും ഉണ്ടെങ്കിലും അവക്കൊന്നും ഇല്ലാതാക്കാൻ കഴിയാത്ത ജാതി, മതം, വർഗം, വർണം, വംശം, ദേശം, ഭാഷ തുടങ്ങിയവയുടെ പേരിലുള്ള ശക്തമായ വിവേചനങ്ങൾ മൂലം പ്രസ്തുത നയങ്ങളും പ്രഖ്യാപനങ്ങളും ഫലവത്താകാതെ പോവുകയാണ് പതിവ്. ഹീനമായ അസമത്വങ്ങൾ നിലനില്ക്കുന്നതിനാലാണ് അത്തരം കാര്യങ്ങൾ നടപ്പിലാകാതെ പോകുന്നതെന്ന മനുഷ്യാവകാശപ്രശ്നങ്ങളുടെ നിരീക്ഷകരുടെ നിഷ്പക്ഷ കണ്ടെത്തലുകൾ നാം അവഗണിക്കരുത്. വർത്തമാനലോകത്ത് അതിന് വേണ്ടുവോളം ഉദാഹരണങ്ങളുണ്ട്.

എന്നാൽ ഖുർആനാകട്ടെ, നീതി-അവകാശനിഷേധങ്ങളെയും പക്ഷപാതിത്ത സ്വഭാവത്തെയും കർശനമായി തടയുകയും നീതിയിലധിഷ്ഠിതമായ നീതിന്യായ രീതി ലോകത്തെ പഠിപ്പിക്കുകയും ചെയ്തു. ഖുർആൻ പറഞ്ഞു:
*“വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവർ എന്ന നിലക്ക് കണിശമായി നീതി നിലനിർത്തുന്നവരാകണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിരുന്നാലും ശരി. കക്ഷി ധനികനോ ദരിദ്രനോ ആകട്ടെ ആ രണ്ടു വിഭാഗത്തോടും ഏറെ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്.”* (ഖുർആൻ 4: 135)

മനുഷ്യരുടെ പരസ്പരബന്ധങ്ങൾക്ക് പ്രതിബന്ധങ്ങളായ എല്ലാറ്റിൻെറയും നാരായവേരുകൾ അറുക്കുകയാണ് ഖുർആൻ ആദ്യം ചെയ്തത്. “നിങ്ങളെല്ലാം ഒരേ മാതാവിൻെറയും പിതാവിൻെറയും മക്കളാണ്” എന്ന അതിൻെറ പ്രഖ്യാപനം മനുഷ്യലോകത്തോടുള്ളതാണ്. ഈ സമത്വസങ്കല്പത്തോടൊപ്പം വിശ്വാസ സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം തുടങ്ങി എല്ലാ വിധ സ്വാതന്ത്ര്യങ്ങളും മനുഷ്യൻെറ ജന്മസിദ്ധമായ അവകാശമാണെന്ന് അത് ലോകത്തെ തെര്യപ്പെടുത്തി. അതിനു മുമ്പിൽ ജാതിയോ മതമോ വർഗമോ വർണമോ ദേശമോ പരിഗണനീയമല്ലെന്ന സാർവജനീനത അത് വിളംബരം ചെയ്യുകയുമുണ്ടായി.

## ഖുർആൻെറ വീക്ഷണം

ഖുർആനിക വീക്ഷണത്തിൽ മനുഷ്യാവകാശം സവിശേഷമായ 5 കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

1. മേൽ സൂചിപ്പിച്ചതു പോലെ അന്ധമായ ദേശീയ-വർണ-ജാതി-വർഗ വിഭജനത്തെ ഖുർആൻ ശക്തമായി നിരാകരിച്ചു.

2. എല്ലാവരെയും സമൂലം ഉൾക്കൊള്ളുന്ന നീതിയിലധിഷ്ഠിതമായ നവലോകക്രമത്തിനുള്ള മാനദണ്ഡം ലോകത്തിനു മുമ്പിൽ സമർപ്പിച്ചു
3. മാനുഷ്യകത്തെ ഒന്നായി കാണുകയും വ്യക്തിയുടെയും രാഷ്ട്രത്തിൻെറയും അവകാശ-സ്വാതന്ത്ര്യങ്ങളെ പരിപാലിക്കുകയും ചെയ്തു. ഇതാണ് പ്രവാചകൻ(സ) മദീനയിൽ ചെന്ന ഉടനെ ചെയ്തത്. മദീന തൻെറ അധികാരവലയത്തിൽ വരികയും തൻെറ താല്പര്യം മുഴുവനായും പുലരുകയും ചെയ്തിട്ടും അവിടെയുണ്ടായിരുന്ന ഇതര മതാനുയായികൾക്ക് പൗരാവകാശം നല്കുകയാണ് അദ്ദേഹം ആദ്യം ചെയ്തത്. വിശ്വാസ സ്വാതന്ത്ര്യം, പരസ്പര സഹായാവകാശം, സഞ്ചാര സ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം എന്നിവ അവർക്ക് പ്രത്യേകം നല്കിയിരുന്നു.
4. വ്യക്തിക്ക് സ്വത്വബോധം നല്കി. അതിലൂടെ മാത്രമേ അവനെ സംസ്കരിക്കാനും ക്രിയാത്മകമായി വളർത്തിയെടുക്കാനും സാധിക്കുകയുള്ളൂ.
5. അത്യുന്നതമായ നിയമസംഹിത-ശരീഅത്ത്- ജനത്തിന് സമർപ്പിച്ചു. അതിലൂടെ പൗരാവകാശനിഷേധം മതനിഷേധത്തിന് തുല്യമായി പ്രഖ്യാപിച്ചു. (ഖുർആനിലെ 107-ാം അധ്യായം മാഉൻ ഈ വസ്തുതക്ക് നല്ല ഉദാഹരണാമാകുന്നു.)

## ചില അവകാശങ്ങൾ

പോയൻറുകൾ മാത്രം സൂചിപ്പിക്കുകയാണ് ചെയ്യുന്നത്.

1. ജീവിക്കാനുള്ള അവകാശം.

ഉത്തമരായ ദൈവദാസന്മാർ ആരെന്ന് വിശദീകരിച്ച ഒട്ടേറെ സന്ദർഭങ്ങൾ ഖുർആനിലുണ്ട്. അതിൽ ഒരിടത്ത് കാണാം: അല്ലാഹുവല്ലാത്ത വേറെ ദൈവങ്ങളെ വിളിച്ചുപ്രാർഥിക്കാത്തവരും അല്ലാഹു പവിത്രമാക്കിയ ജീവനെ അന്യായമായി ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. അന്യായമായി ഒരാളെ കൊല്ലുന്നത് മുഴുവൻ മനുഷ്യരെയും കൊല്ലു ന്നതിന് തുല്യമാണെന്നും ഖുർആൻ പറഞ്ഞത് കാണാം. അതോടൊപ്പം മനുഷ്യരുടെ സ്വൈരജീവിതത്തിന് വിഘാതമാകുന്ന അക്രമപ്രവർത്തനങ്ങളും പാടെ വിരോധിക്കുകയും അവക്ക് കനത്ത ശിക്ഷയുള്ളതായി മുന്നറിയിപ്പ് നല്കിയതായും കാണാൻ സാധിക്കും.

2. സാമ്പത്തികാവകാശങ്ങൾ.

ഒരാൾക്ക് അനുവദനീയ രീതിയിൽ യഥേഷ്ടം സമ്പാദിക്കാനുള്ള അവകാശം ഖുർആൻ വകവെച്ചുകൊടുത്തു. അത് മറ്റുള്ളവർ കൈവെക്കുന്നത് അക്രമമായി ഖുർആൻ വിലയിരുത്തി. നിങ്ങൾ മറ്റുള്ളവരുടെ ധനം അന്യായമായി ഭുജിക്കരുത്, അതിനു വേണ്ടി കള്ളത്തെളിവുകളുമായി കോടതിയെ സമീപിക്കരുതെന്നും ഖുർആൻ കല്പിക്കുകയുണ്ടായി.

3. പൗരാവകാശവും സാമൂഹികാവകാശവും.

ഇവ രണ്ടും ആധുനിക അദിനിവേശങ്ങൾക്ക് മുമ്പിൽ പഠനവിഷയമാക്കേണ്ടതാണ്. ഫലസ്തീൻ, ഇറാഖ് എന്നിവ ഉദാഹരണം.

4. വൈജ്ഞാനികാവകാശം.

5. വിശ്വാസ-ആരാധനാവകാശം.

പ്രവാചകൻ മുഹമ്മദ് മദീനയിൽ തൻെറ മേൽനോട്ടത്തിൽ രാഷ്ട്രം സ്ഥാപിച്ചപ്പോൾ അന്യമതാനുയായികൾക്ക് സ്വാതന്ത്ര്യം നല്കിയത് നാം കണ്ടു. ദിമ്മികൾ (സംരക്ഷിത പൗരന്മാർ) എന്ന പേരിൽ ഒരു വിഭാഗം ഇസ്‌ലാമിക രാഷ്ട്രത്തിൽ നിലനിന്നത് ഇതിന് നല്ല ഉദാഹരണമാകുന്നു.

6. സമത്വാവകാശം.

ഖുർആൻ പറഞ്ഞു: നിങ്ങളെ ഒരുണിൽനിന്നും പെണ്ണിൽനിന്നുമാണ് സൃഷ്ടിച്ചത്. പിന്നീട് നിങ്ങളെ വിവിധ ഗോത്രങ്ങളും വർഗങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്. നിങ്ങളിൽ ഭക്തിയുള്ളവരാണ് നിങ്ങളിൽ ഏറ്റവും ഉത്തമർ." ഇത് ഖുർആൻെറ മാനുഷിമുഖം. അതനുസരിച്ചാണ് മനുഷ്യർ പരസ്പരം

അവകാശങ്ങളെ പറ്റി സംസാരിക്കുന്നത്. ഖുർആൻ 4-ാം അധ്യായം പ്രഥമ വാക്യം അക്കാര്യം വ്യക്തമായി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ 1215-ൽ ഇംഗ്ളണ്ട് പുറത്തിറക്കിയ മാഗ്നാകാർട്ട സാധാരണക്കാരൻെറ മൗലികാവകാശത്തെപ്പറ്റി മൗനം പാലിക്കുന്നതായിരുന്നു. 14 നൂറ്റാണ്ടുകൾക്കു മുമ്പ് ഖുർആൻ അത് ലോകത്തെ പഠിപ്പിച്ചു.

7. കുടുംബജീവിതത്തിനുള്ള അവകാശം.

8. വിമർശനത്തിനും അഭിപ്രായത്തിനുമുള്ള അവകാശം.

ആധുനിക ഭരണസമ്പ്രദായത്തിന് ഇത് അനിവാര്യമാണ്.

9. ഏകമാനവികതക്കുള്ള അവകാശം.

തൗഹീദിലധിഷ്ഠിതമായ ജീവിതദർശനം പ്രചരിപ്പിക്കലാണ് അതിനുള്ള പോംവഴി. അത് ദൈവത്തിൻെറ അവകാശവും മനുഷ്യബാധ്യതയുമാണ്. അതിൽനിന്നാണ് ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം ഉരുവം കൊള്ളുന്നത്.

ഈ അവകാശങ്ങളെ ഖുർആനിക വീക്ഷണത്തിലൂടെ വേണം കാണാൻ. അതോടൊപ്പം ഈ രംഗത്ത് ഭൗതികപ്രത്യയശാസ്ത്രങ്ങളും പടിഞ്ഞാറും അഭിമുഖീകരിച്ച പരാജയവും പ്രസക്തമാണ്.

10. ഐക്യത്തിനും അവകാശസംരക്ഷണത്തിനുമുള്ള അവകാശം.

11. തൊഴിൽ ചെയ്യാനും നേടാനുമുള്ള അവകാശം.

നീതിരഹിതവും പക്ഷപാതിത്തവും നിറഞ്ഞ സാഹചര്യത്തിൽ അടിവരയിട്ട ഭാഗം പ്രസക്തമാണ്. ജനാധിപത്യത്തിലധിഷ്ഠിതമായ ഭരണക്രമത്തിൽ സമൂഹത്തിലെ പല വർഗങ്ങളും ഈ അവകാശനിഷേധം ഇന്നും അനുഭവിക്കുന്നുണ്ട്.

12. അഭിമാന-അന്തസ്സ് സംരക്ഷണാവകാശം.

13. സ്വകാര്യതക്കുള്ള അവകാശം.

14. നീതി നേടാനും അത് നടപ്പാക്കാനുമുള്ള അവകാശം.

15. അധിവാസത്തിനുള്ള അവകാശം (ഫലസ്തീൻ-ലബനാൻ പ്രശ്നം)

16. മാന്യമായ പെരുമാറ്റത്തിനുള്ള അവകാശം.

അമേരിക്ക ഇറാഖ് യുദ്ധത്തടവുകാരോട് ചെയ്ത രീതി ശ്രദ്ധാർഹമാണ്.

17. അവശർക്കും ദുർബലർക്കുമുള്ള സംരക്ഷണം

ഇത് ഭരണകൂടം ചെയ്യേണ്ടതാണ്. ഖുർആനിൽ അതിന് ധാരാളം മാതൃകയുണ്ട്. ധനത്തെ പറ്റി സംസാരിച്ച പല സ്ഥലങ്ങളിലും സമൂഹത്തിലെ ദരിദ്രരും അഗതികളുമായ ആളുകളെ സംരക്ഷിക്കാൻ ഖുർആൻ പ്രത്യേകം ഉണർത്തിയത് കാണാം. നിങ്ങളുടെ ധനത്തിൽനിന്നും അവരുടെ അവകാശം കൊടുത്തുവീട്ടുക എന്നത്രെ അതിൻെറ ഉദ്ബോധനം. ബൈതുൽമാൽ എന്ന പൊതുധന ഫണ്ട് ഈയാവശ്യാർഥം ഉണ്ടാക്കിയതാണ്.

18. ചാരിത്ര്യസംരക്ഷണം.

സ്ത്രീപീഡനം സാധാരണമാകുമ്പോൾ ഇത് പ്രസക്തമാകുന്നു. ഖുർആൻ അന്യസ്ത്രീഗമനം വൻപാപമായി കനത്ത ശിക്ഷ നല്കേണ്ട കുറ്റമായും കണക്കാക്കി. നിങ്ങൾ വ്യഭിചാരത്തോട് അടുക്കരുത് എന്ന പല സ്ഥലങ്ങളിലും അത് ആവർത്തിച്ചുണർത്തിയത് കാണാൻ സാധിക്കും.

19. രാഷ്ട്രീയാവകാശം

20. ന്യൂനപക്ഷങ്ങളുടെ സമൂല വികസനാവകാശം

21. സ്ത്രീകളുടെ സുരക്ഷിതത്വം, അവരുടെ പുരോഗതി.

22. ഭീകരതക്കെതിരെയും കോളനിവാഴ്ചക്കെതിരെയും സമരത്തിനുള്ള അവകാശം

23. പരിസ്ഥിതിസംരക്ഷണാവകാശം

വഴിവെബ്സൈറ്റിലെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ലേഖനം കാണുക.

25. നല്ല കുടുംബജീവിതം നയിക്കാനുള്ള അവകാശം.

വിവാഹജീവിതം ശക്തമായ ഒരു ഉടമ്പടിയിലൂടെ നടക്കുന്നതാണ്. പരസ്പര സ്നേഹവും വിട്ടുവീഴ്ചയും നിർബന്ധമായ രംഗമാണത്. നിസ്സാര കാര്യങ്ങൾക്ക് പീഡന

വും വിവാഹമോചനവും ഇന്ന് ഏറെയാണ്. ഖുർആൻ അക്കാര്യം വളരെ ശക്തി യായി വിലക്കുകയും അത്തരം ഘട്ടങ്ങളിൽ പാലിക്കേണ്ട സമീപന രീതികൾ എന്തെന്ന് സമൂഹത്തെ പഠിപ്പിക്കുകയും ചെയ്തു. മുലയൂട്ടുന്നതിൽ പോലുമുണ്ട് ഈ അവകാശസ്ഥാപനം. ഖുർആൻ 2-ാം അധ്യായം 224 മുതൽ 245 വരെയുള്ള ദീർഘ ഭാഗങ്ങളിൽ വിവാഹം, കുടുംബജീവിതം, മുലയൂട്ടൽ തുടങ്ങിയ വിഷയങ്ങളിൽ ഖുർആൻെറ അധ്യാപനം നമുക്ക് കാണാം. വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട പല വിഷയങ്ങളും വിവിധ സ്ഥലങ്ങളിൽ പരാമർശിച്ചത് കാണാം.

## ആരാധനകൾ

മനുഷ്യാവകാശങ്ങളെ സംബന്ധിച്ച ചർച്ചയിൽ രണ്ട് കാര്യങ്ങൾ മുന്നിൽ നിൽക്കുന്നു.

1. ബാധ്യത.
2. ഉത്തരവാദിത്തം.

ഇവ പരസ്പരം ബന്ധപ്പെട്ടവയാണ്. ആദ്യം ബാധ്യതകൾ വീട്ടുക. ബാധ്യതകൾ വിസ്മരിച്ച് അവകാശത്തെപ്പറ്റി പറഞ്ഞതുകൊണ്ട് കാര്യമില്ല. ഖുർആൻ പറഞ്ഞു: *"വിശ്വസിച്ചവരേ, വെള്ളിയാഴ്ച നിങ്ങൾ നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ നിങ്ങൾ കച്ചവടം നിർത്തിവെക്കുകയും ദൈവസ്മരണയിലേക്ക് വേഗം ചെല്ലുകയും ചെയ്യുക. നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ നിങ്ങൾ ദൈവികഔദാര്യം തേടിക്കൊണ്ട് ഭൂമിയിൽ വ്യാപിക്കുക. നിങ്ങൾ അറിയുന്നവരാണെങ്കിൽ നിങ്ങൾക്ക് അതാണുത്തമം."* (അൽജുമുഅ 9, 10)

ഇത് ഏകദൈവവുമായുള്ള കാര്യമാണെങ്കിൽ സൃഷ്ടികളുമായുള്ള ബന്ധവും ഇതുപോലെത്തന്നെയാണ്. സൃഷ്ടികളുടെ അവകാശം നിഷേധിച്ചുകൊണ്ട് പുണ്യം നേടാൻ സാധിക്കുകയില്ല. ഏകദൈവവുമായുള്ള ബന്ധത്തെ ശക്തിപ്പെടുത്തുന്നതാണ് ആരാധനകൾ. എന്നാൽ മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കുന്നത് ആരാധനകളെ നശിപ്പിച്ചുകളയും. ഖുർആനിലെ 107-ാം അധ്യായം അക്കാര്യം വ്യക്തമാക്കുന്നതാണ്.

*"മതത്തെ കളവാക്കുന്നവൻ ആരാണെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുകയും പാവപ്പെട്ടവൻെറ ഭക്ഷണകാര്യത്തിൽ പ്രോത്സാഹനം നല്കാതിരിക്കുകയും ചെയ്യുന്നവനത്രെ അവൻ. എന്നാൽ തങ്ങളുടെ നമസ്കാരത്തിൽ അശ്രദ്ധരായ നമസ്കാരക്കർക്കാണ് സകല നാശവും. അവർ തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും ജനത്തെ കാണിക്കാൻ ചെയ്യുന്നവരുമാകുന്നു. അവരാകട്ടെ, പരോപകാരം മുടക്കുന്നവരുമാകുന്നു."*

മറ്റുള്ളവരുടെ അവകാശത്തെ ഹനിക്കുകയും അവരെ ആക്ഷേപിക്കുകയും പരിഹസിക്കുകയും കൈയേറ്റം ചെയ്യുകയും ചെയ്ത ഒരു സൽകർമിയാണ് അന്ത്യനാളിൽ ദൈവത്തിങ്കൽ തുലഞ്ഞവൻ എന്ന് പ്രവാചകൻ പഠിപ്പിക്കുകയുണ്ടായി.

ഖുർആൻ അതിൻെറ ആരാധനകൾ മുഴുവൻ സംവിധാനിച്ചിരിക്കുന്നത് രണ്ട് വ്യത്യസ്ത മുഖങ്ങളോടു കൂടിയാണ്.

ഒന്ന്, ഏകദൈവത്തിൻെറ പൊരുത്തവും അവൻെറ പ്രീതിയും കരസ്ഥമാക്കുക.

രണ്ട്, ഓരോ ആരാധനാകർമത്തിൻെറയും ഭൗതികഫലം സമൂഹത്തിന് ഉപകരിക്കുന്നതാകണം. നമസ്കാരം കുറ്റകൃത്യങ്ങളില്ലാത്തതും നീതി നിറഞ്ഞതുമായ സാഹോദര്യ സമൂഹത്തെ വാർത്തെടുക്കാൻ പ്രാപ്തമാണെങ്കിൽ സകാത്ത് ദാരിദ്ര്യം തുടച്ചുനീക്കപ്പെട്ട സ്വയം പര്യാപ്ത സമൂഹത്തിൻെറ നിർമിതിക്ക് ഏറെ പ്രാപ്തമാണ്. വ്രതം ഗുണകാംക്ഷയും സഹാനുഭൂതിയും സമസൃഷ്ടി സ്നേഹവും രൂഢമൂലമായ സാമൂഹികനിർമിതിക്ക് ഏറെ ഉപയുക്തമാകുന്നു. ചുരുക്കത്തിൽ മനുഷ്യാവകാശം ഖുർആൻെറ ആശയലോകത്ത് ഒതുങ്ങുന്നതല്ല, അത് പലരീതിയിലും കർമരംഗത്ത് പ്രാവർത്തികാമാക്കാനുപയുക്തമായ പോംവഴികൾ നിർദ്ദേശിക്കുകയും മാതൃകകൾ രചിക്കുകയും ചെയ്തിട്ടുണ്ട്.

ഖേദകരമെന്ന് പറയട്ടെ, ഖുർആന്റെ മനുഷ്യാവകാശവിഭാവനക്ക് വിരുദ്ധമായി പദ്ധതികൾ ആസൂത്രണം ചെയ്തപ്പോഴൊക്കെ മനുഷ്യാവകാശമെന്ന ഉന്നത പ്രസ്ഥാനത്തിന് കോട്ടം തട്ടുകയും മനുഷ്യൻ പല രീതിയിലും പീഡനങ്ങൾക്ക് വിധേയരാകുകയും ചെയ്തിട്ടുണ്ട്.

ഭൗതികപ്രത്യയശാസ്ത്രങ്ങളുടെ മനുഷ്യാവകാശ പ്രവർത്തനങ്ങൾ പോരായ്മ നിറഞ്ഞത് അതിനാലാണ്. അത് വ്യക്തിയെ സർവോപരിയായതായി കാണുന്നു. അതാകട്ടെ, നിയമനിർമാണമടക്കമുള്ള സംരംഭങ്ങൾക്ക് വ്യക്തിയെ ചുമതലപ്പെടുത്തുന്നു. അയാളുടെ വികാരങ്ങൾ അതിൽ സ്വാധീനിക്കപ്പെടുകയും അനീതി അതിന്റെ ഭാഗമാവുകയും ചെയ്യും. വ്യക്തിയെ കേന്ദ്രീകരിച്ചുള്ള പടിഞ്ഞാറിന്റെ മനുഷ്യാവകാശ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്തതിന്റെ കാരണം അതാകുന്നു. അതിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചെടുക്കാൻ മതം, ഭാഷ, ജാതി, വർണം, ദേശീയത, വിഭാഗീയത എന്നിവയെ അതിന് വളർത്തിയെടുക്കേണ്ടിവന്നതും ഒരു കാരണമാകുന്നു. അതോടൊപ്പം മതവും ഭൗതികതയും തമ്മിൽ ബന്ധമില്ലെന്ന ആധുനിക കാഴ്ചപ്പാടും മനുഷ്യന്റെ മൗലികാവകാശങ്ങളെ നശിപ്പിക്കുന്നതിൽ സാരമായ പങ്ക് വഹിച്ചു.

## പ്രവാചകന്മാർ

ഓരോ പ്രവാചകനും തന്റെ പ്രവർത്തന മേഖലയിൽ അഭിമുഖീകരിക്കേണ്ടി വന്നത് വ്യത്യസ്ത സാഹചര്യങ്ങളെയാണ്. സാമ്പത്തികവും സാമൂഹികവുമായ അടിമത്തം നിറഞ്ഞ സാഹചര്യങ്ങളെയും മനുഷ്യാടിമത്തം നിറഞ്ഞ അവസ്ഥകളെയും കൊള്ളയും പിടിച്ചുപറിയും നിറഞ്ഞ സാമൂഹികജീവിതം അഭിമുഖീകരിക്കേണ്ടി വന്നവരും ഏകാധിപത്യം നടുവൊടിച്ച സാമൂഹികജീവിതവുമായി ഏറ്റുമുട്ടിയവരും സ്ത്രീത്വം മൃഗീയതക്കും പൈശാചികതക്കുമിടയിൽ നരകിച്ചിരുന്ന പീഡിതാവസ്ഥയെ അഭിമഖീകരിച്ചവരുമൊക്കെ അവരിലുണ്ട്. ദൈവനിയുക്തരായ ഓരോ പ്രവാചകനും ആദ്യവും അവസാനവുമായി ചെയ്യാനുണ്ടായിരുന്നത് അത്തരം സാഹചര്യങ്ങളുമായി ഏറ്റുമുട്ടി ജനജീവിതത്തെ സംരക്ഷിക്കുകയും അവരുടെ അവകാശങ്ങൾ സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു. പ്രവാചകമിഷന്റെ പ്രഥമ ഉത്തരവാദിത്തം ഓരോ കാലത്തും ജനത്തെ വരിഞ്ഞുമുറുക്കിയിരുന്ന അതത് കാലത്തെ ദുഷിച്ചസാഹചര്യങ്ങളെ വിപാടനം ചെയ്ത് ജനത്തെ ശുദ്ധീകരിക്കുകയും അവന്റെ ഉയർത്തിക്കൊണ്ടുവരികയും ചെയ്യുക എന്നതായിരുന്നു. ഈ രംഗത്ത് പ്രവാചകൻ മുഹമ്മദ്(സ) അവരുടെ മുന്നിൽ നില്ക്കുന്നു.

മനുഷ്യാവകാശത്തിന്റെ ശക്തനായ വക്താവായിരുന്നു പ്രവാചകൻ മുഹമ്മദ്(സ). ചരിത്രത്തിൽ അറിയപ്പെട്ട ആ മനുഷ്യസ്നേഹിയുടെ വിടവാങ്ങൽ ഹജ്ജിലെ പ്രസംഗം ആ പരമാർഥത്തിലേക്ക് വിരൽചൂണ്ടുന്നുണ്ട്. *(പ്രവാചകൻ മുഹമ്മദിന്റെ(സ) മനുഷ്യാവകാശ പ്രഖ്യാപനം കാണുക)*

പ്രവാചകൻ മുഹമ്മദ്(സ) പലപ്പോഴായി പഠിപ്പിച്ച ചില സംഗതികളുണ്ട്. അവ ഇങ്ങനെ പരിചയപ്പെടാം: "പൂഴ്ത്തിവെക്കുന്നവൻ നമ്മിൽ പെട്ടവനല്ല.", "അയൽവാസി പട്ടിണികിടക്കുമ്പോൾ വയർ നിറച്ചുണ്ണുന്നവൻ വിശ്വാസിയല്ല", "വില കൂട്ടിപ്പറയരുത്" "വഞ്ചന കാണിക്കുന്നവൻ നമ്മിൽ പെട്ടവനല്ല." തുടങ്ങി മനുഷ്യബന്ധങ്ങളിൽ പാലിക്കേണ്ട ധാർമിക മുറകളെ ഉണർത്തിക്കൊണ്ടുള്ള ഒട്ടേറെ നബിവചനങ്ങൾ കാണാൻ സാധിക്കും.

## ഖുർആന്റെ സ്വാധീനം

മനുഷ്യാവകാശ ലംഘനങ്ങൾക്ക് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. അതത് കാല ഘട്ടങ്ങളിൽ ആഗതരായ പ്രവാചകരൊക്കെത്തന്നെ ഈ അനീതിക്കെതിരെ പോരാടിയവരാണ്. മാത്രവുമല്ല, ധനികന്റെ ഐശ്വര്യത്തിൽനിന്നും ദരിദ്രന് അവ

കാശമുണ്ടെന്നു പോലും ഇസ്‌ലാം പഠിപ്പിക്കുകയും അവശ്യസന്ദർഭങ്ങളിൽ അത് പിടിച്ചെടുക്കാനുള്ള അവകാശം ഭരണകൂടങ്ങൾക്ക് നല്കുകയും ചെയ്തു. അതോടൊപ്പം നല്ലനിലയിൽ ധനസമ്പാദനത്തിലേർപ്പെടാൻ അത് മനുഷ്യരോട് ആവശ്യപ്പെടുകയും ചെയ്തു.

സാമ്പത്തികമായ ഉഛനീചത്വങ്ങൾക്കെതിരെ മാത്രമല്ല ഇസ്‌ലാം ശബ്ദിക്കുന്നത്, എല്ലാവിധ പീഡനങ്ങൾക്കുമെതിരെ, അവകാശലംഘനങ്ങൾക്കെതിരെ, സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ എന്നിവരുടെ പ്രത്യേകമായ സംരക്ഷണത്തിനു വേണ്ടി അത് ശബ്ദിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരുമായുള്ള പെരുമാറ്റത്തിൽപോലും ദയയും കരുണയും വിട്ടുവീഴ്ചയും സൗമനസ്യവും പുലർത്തണമെന്നും അത് പഠിപ്പിക്കുന്നു.

മനുഷ്യാവകാശങ്ങൾ യഥാവിധം പാലിക്കുകയും അസമത്വവും അനീതിയും ചൂഷണവും അവസാനിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ ലോകത്ത് ശാന്തിയും സമാധാനവും നിലനില്ക്കുകയുള്ളൂ. ഭൗതികപ്രത്യയശാസ്ത്രങ്ങളൊന്നും അത് മനസ്സിലാക്കാത്തവരല്ല. കമ്യൂണിസവും മുതലാളിത്തവും സോഷ്യലിസവുമൊക്കെ രംഗത്തുണ്ടെങ്കിലും മനുഷ്യൻെറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ അതുവഴി ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനോ അവ പ്രാപ്തമല്ല എന്നാണ് അനുഭവം നല്കുന്ന പാഠം. കാരണം, പ്രത്യയശാസ്ത്രങ്ങളുടെ ഭാഗത്തുനിന്നും അവ പ്രതിനിധാനം ചെയ്യുന്ന ഭരണകൂടങ്ങളുടെ ഭാഗത്തുനിന്നുമൊക്കെ ഈ രീതിയിലുള്ള വിവേചനങ്ങളും അസമത്വനടപടികളും സ്വജനപക്ഷപാതിത്വവുമൊക്കെയാണ് കാണാൻ സാധിക്കുന്നത്.

## വ്യക്തി സ്വാതന്ത്ര്യം

മിക്കപ്പോഴും പ്രത്യയശാസ്ത്രങ്ങളുടെയോ ഭരണകൂടങ്ങളുടെയോ താല്പര്യങ്ങൾക്കു വേണ്ടി വ്യക്തികളുടെ അഭിപ്രായങ്ങൾ ബലികഴിക്കേണ്ടിവരികയോ അവക്ക് അർഹമായ വില ലഭിക്കാതെയാവുകയോ ചെയ്യാറുണ്ട്. വൻകിട രാജ്യങ്ങളിലെ പൗരന്മാരൊക്കെ രാജ്യസുരക്ഷ എന്ന പേരിൽ ഇത്തരം അസ്വാതന്ത്ര്യങ്ങൾക്ക് വിധേയരാകാറുണ്ട്. ഈ അനീതി മിക്കപ്പോഴും അനാരോഗ്യകരമായ വിതാനങ്ങളിലേക്ക് കാര്യങ്ങളെ എത്തിക്കാറുമുണ്ട്. പ്രശ്നങ്ങൾ ഒഴിവാക്കാൻ ഒതുങ്ങിക്കൂടുന്നവർ മുറിവേറ്റ അഭിമാനത്തോടുകൂടിയായിരിക്കും ജീവിക്കുന്നത്.

ഖുർആൻ അതിൻെറ ശക്തമായ മനുഷ്യാവകാശചിത്രം ഇവിടെ വരച്ചുകാണിക്കുന്നു. കാര്യങ്ങൾ തീരുമാനിക്കുമ്പോഴും നടപ്പാക്കുമ്പോഴും വ്യക്തികളുടെ അഭിമാനത്തിന് ക്ഷതമേല്പിച്ചു കൊണ്ടാകരുതെന്ന് അത് ശക്തമായി ആജ്ഞാപിക്കുന്നു. കാരണം, അഭിപ്രായസ്വാതന്ത്ര്യമുണ്ടെങ്കിൽ മാത്രമേ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവരികയുള്ളൂ, അപ്പോൾ മാത്രമേ പരസ്പരം കൂടിയാലോചിക്കാനും കാര്യങ്ങളിൽ സുതാര്യത പാലിക്കുവാനും സാധിക്കുകയുള്ളൂ. അത്തരം ചുവടുവെപ്പുകളാണ് ക്ഷേമകരമായി തീരുകയുള്ളൂ.

ഏതൊരു മനുഷ്യനും അവൻെറ അഭിമാനം വലുതാണ്. അതിന് ക്ഷതമേല്പിക്കുക എന്നത് അവന് അസഹ്യവുണ്. അവകാശനിഷേധം മുതൽ പരിഹാസം വരെ അതിന് നിമിത്തമാകാറുണ്ട്. അഭിമാനത്തിന് ക്ഷതമേല്ക്കുന്നു എന്നു കണ്ടാൽ മരണം വരെ പൊരുതാൻ തയാറാകുന്നവരുണ്ട്. ഈ രംഗങ്ങളെയൊക്കെ എത്ര ആരോഗ്യകരമായാണ് ദൈവികവ്യവസ്ഥിതി കൈകാര്യം ചെയ്യുന്നതെന്നോ? അവകാശനിഷേധം, അതൊരു പുൽക്കൊടിയാണെങ്കിൽപോലും ധിക്കാരമാണ്, പരിഹാസം, പരദൂഷണം, നിന്ദ, ഊഹം, കുത്തു വാക്കുകൾ, തരംതാഴ്ത്തി സംസാരിക്കൽ, മാന്യതപാലിക്കാതിരിക്കൽ തുടങ്ങിയവ പോലും ശിക്ഷാർഹമായ അപരാധങ്ങളാണെന്ന് കണക്കാക്കുകയും അവയിൽ നിന്ന് വിട്ടുനില്ക്കാൻ വിശ്വാസികളോടത് ആവശ്യപ്പെടുകയും ചെയ്യുന്നു. എന്തിനേറെ മറ്റുള്ളവരുടെ സ്വകാര്യതകളിൽപോലും തലയിടരുതെന്നും അനുവാദമില്ലാതെ മറ്റൊരാളുടെ സാധനം എടുത്തു

പ്രയോഗിക്കരുതെന്നും അനുവാദമില്ലാതെ അന്യൻെറ വീടുകളിൽ പ്രവേശിക്കരുതെന്നും അത് കല്പിക്കുകയുണ്ടായി.

ഇവിടെ ദൈവികവ്യവസ്ഥിതി തികച്ചും വ്യത്യസ്തമായ ഒരു മേഖലയിൽ ഉയർന്നു നിൽക്കുന്നു. ഇസ്ലാമിക രാഷ്ട്രത്തിലെ അമുസ്ലിം പൗരൻെറ അവകാശസംരക്ഷണത്തിനുപോലും ശക്തമായ നിലപാട് സ്വീകരിച്ച ദർശനമാണ് ഖുർആൻ മുന്നോട്ട് വെക്കുന്നത്. അത്തരം ഒരു പൗരൻെറ ജീവൻ അപഹരിക്കുന്നവന് സ്വർഗം നിഷിദ്ധമാണെന്നുപോലും അത് മുന്നറിയിപ്പുനല്കുകയുണ്ടായി.

ഇസ്ലാമിക നിയമസംഹിത വ്യക്തിക്ക് വില കല്പിക്കുന്നു. വ്യക്തികളുടെ ഉന്നമനമാണ് സമൂഹത്തിൻെറയും ഉന്നമനം. വ്യക്തിയുടെ അവകാശ സംരക്ഷണമാണ് അത് മറ്റെന്തിനെക്കാളും ശക്തമായി കാണുന്നത്. ഭൂരിപക്ഷതാല്പര്യങ്ങളുടെ സംരക്ഷണത്തിനു വേണ്ടി ന്യൂനപക്ഷതാല്പര്യങ്ങളെ ഹനിക്കുന്ന രീതിയും അതിന് അന്യമാണ്. തനിക്കിഷ്ടപ്പെട്ട ജീവിതരീതി തിരഞ്ഞെടുക്കാനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യം അത് അംഗീകരിച്ചുകൊണ്ട് ഇപ്രകാരം പ്രഖ്യാപിച്ചു: ഇത് നിങ്ങളുടെ നാഥങ്കൽ നിന്നുള്ള സത്യമാകുന്നു. ഇഷ്ടമുള്ളവർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം." (ഖുർആൻ: 18:29).

എന്നാൽ വ്യക്തിക്ക് സ്വാതന്ത്ര്യമുള്ളതോടൊപ്പം അവൻെറ ഉന്നതിക്കുവേണ്ടി ചില നിയന്ത്രണങ്ങളും അവൻെറ മേൽ ചുമത്തുകയുണ്ടായി. ബലാത്സംഗം, പിടിച്ചുപറി, മോഷണം, മയക്കുമരുന്ന് വിപണനവും ഉപയോഗവും, ചൂതാട്ടം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, കൊലപാതകം, പൊതുജീവിതത്തിന് ഹാനികരമാകും വിധമുള്ള പ്രവർത്തനങ്ങൾ എന്നിവ മറ്റുള്ളവരുടെ മൗലികാവകാശനിഷേധമായതുകൊണ്ട് അവൻെറ മേൽ കർക്കശമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. അതോടൊപ്പം വ്യക്തി എന്ന നിലക്ക് അവന് ലഭിക്കേണ്ട മൗലികാവകാശങ്ങൾ നിറവേറ്റികൊടുക്കാൻ അത് സമൂഹത്തോട് ആവശ്യപ്പെടുന്നു. ദരിദ്രൻെറ ദാരിദ്ര്യ നിർമാർജനം അയൽവാസിയുടേതെന്ന പോലെ സമൂഹത്തിൻെറ കൂടി ബാധ്യതയാണ്. വീടില്ലാത്തവന് വീടും അഭയമില്ലാത്തവന് അഭയവും നല്കാൻ സമൂഹം ബാധ്യസ്ഥരാണ്. ആരാധനയെപ്പോലെ പ്രധാനമാണ് അക്കാര്യവും എന്ന് ഇസ്ലാം പഠിപ്പിക്കുകയുണ്ടായി.

വ്യക്തിയുടെ കൈവശമുള്ള ചില വസ്തുക്കൾ സമൂഹത്തിനും കൂടി ഉപകരിക്കത്തക്ക വിധം അത് സ്വകാര്യതയിൽ കെട്ടിപ്പൂട്ടിവെക്കരുതെന്ന് പ്രവാചകൻ ആവശ്യപ്പെടുകയുണ്ടായി. മനുഷ്യജീവിതത്തിൻെറ അടിസ്ഥാനാവശ്യമാണ് ജലം. നാട് വരണ്ടിരിക്കെ സ്വജലാശയം മറ്റുള്ളവരിൽനിന്നും മറച്ചുവെക്കുന്നത് കുറ്റകരമായ കൃത്യമാണെന്ന് അദ്ദേഹം പഠിപ്പിക്കുകയുണ്ടായി. അതുപോലെത്തന്നെയാണ് പുല്ലിൻെറയും തീയുടെയും കാര്യവും. അവയിലൊന്നും സ്വകാര്യോടമാവകാശം പാടില്ല. ആർജിച്ചെടുത്ത വിജ്ഞാനം മറച്ചുവെക്കുന്നതും കുറ്റംതന്നെയാണ്. വ്യക്തിയിൽ നിന്ന് സമൂഹത്തിന് ലഭിക്കേണ്ട അവകാശമാണവയെല്ലാം.

ചുരുക്കത്തിൽ ഇഷ്ടമുള്ളത് സമ്പാദിക്കാനും ഇഷ്ടമുള്ളത് വിശ്വസിക്കാനും ഇഷ്ടമുള്ളേടത്ത് ഇഷ്ടമുള്ള ജോലിയിൽ ഏർപ്പെടുവാനും അതുപോലെ യാത്രചെയ്യുവാനുമൊക്കെ വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം ദൈവലബ്ദമാണ്. മറ്റുള്ളവർക്ക് ദോഷകരമല്ലാത്തേടത്തോളം കാലം അതിന് അതിരോ ഭേദഗതിയോ സാധ്യമല്ല. സമൂഹത്തിൻെറയും മറ്റുള്ളവരുടെയു സ്വാതന്ത്ര്യ ത്തിന് വിഘാതമാകാത്ത കാലത്തോളം അത് നിയന്ത്രിക്കപ്പെടാവതുമല്ല.

## ഭരണകൂടം

മനുഷ്യരെല്ലാം ഏകദൈവത്തിൻെറ സൃഷ്ടികളും തുല്യരുമായതിനാൽ ഒരാളോ വിഭാഗമോ മറ്റുള്ളവരുടെ മേൽ ആധിപത്യം വഴുന്നത് അക്രമമാണെന്ന് ഖുർആൻ പഠിപ്പിച്ചു. അതേയവസരം തിരഞ്ഞെടുക്കുന്ന ഭരണാധികാരികൾ തീർത്തും പ്രതിനി

ധികൾ എന്ന നിലക്കുമാത്രം ഭരണം കൈയാളുകയും ജനങ്ങളോട് കാരുണ്യ ത്തോടു കൂടി മാത്രം വർത്തിക്കണമെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്ക ണമെന്നും ഖുർആൻ ആജ്ഞാപിക്കുന്നു. ഭരണകൂടം കൈയാളുന്ന നിയമങ്ങളിലും അതേ തുല്യതയും നീതിയും പാലിക്കണം.

ഒരിക്കൽ മോഷണം നടത്തിയ ഒരു കുലീന വനിതയുടെ കാര്യത്തിൽ ശിപാർശ ചെയ്യാൻ പ്രവാചകൻ മുഹമ്മദി(സ)ൻെറ ആത്മമിത്രം ഉസമായെ ആളുകൾ അദ്ദേ ഹത്തിൻെറ അടുത്തേക്കയച്ചു. അതുകേട്ട പ്രവാചകൻെറ മുഖം വിവർണമായി. ദൈവശിക്ഷ ലഘൂകരിച്ചുതരുന്നതിനു വേണ്ടിയാണോ നീയെന്നോട് ആവശ്യപ്പെടു ന്നത്? അല്ലാഹുവിൽ സത്യം, മുഹമ്മദിൻെറ മകൾ ഫാത്വിമയാണ് മോഷ്ടിച്ച തെങ്കിൽ അവളുടെ കരം നാം ഛേദിക്കുക തന്നെ ചെയ്യും." അദ്ദേഹം കൂട്ടിച്ചേർ ത്തു. ഇതത്രെ ഇസ്ലാമിൻെറ നീതി. ആധുനിക ലോകത്ത് ഭരണകൂടങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും ഇല്ലാതെപോയതും അതാണ്.

മനുഷ്യാവകാശത്തിൻെറ അടിസ്ഥാനം ദൈവികദർശനമാണ്. അവൻ എല്ലാ വരുടെയും- അവനിൽ വിശ്വസിക്കുന്നവരുടെയും വിശ്വസിക്കാത്തവരുടെയും-നാഥ നാണ്. അവരുടെയൊക്കെ സംരക്ഷകനും അന്നദാതാവുമാണ്. അവരോടൊക്കെ ഏറെ കരുണയും അലിവും ഉള്ളവനാണവൻ. അതിനാലാണ് അവൻ തൻെറ അടിയാറുകൾക്കു വേണ്ടി ഈ അവകാശങ്ങൾ ഏർപ്പെടുത്തിയത്. പക്ഷേ, അതിന് പിന്നിലുള്ള ബാധ്യതകൾ കാണാതിരുന്നുകൂടാ.

ജലീൽ